# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6657 01.11.2011 - ൽ മറുപടിക്ക്

## വെള്ളക്കരം കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം<br>,, കെ. വി. അബ്ദുൾഖാദർ<br>,, വി. ചെന്താമരാക്ഷൻ<br>,, സാജു പോൾ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൻകിട ഹോട്ടലുകളും വ്യാപാര വാണിജ്യ സ്ഥാപനങ്ങളും വൻതുക വെള്ളക്കരം കുടിശ്ശിക വരുത്തുന്നതു മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വൻകിട ഹോട്ടലുകൾ വാണിജ്യസ്ഥാപനങ്ങൾ തുടങ്ങിയവയുടെ വെള്ളക്കരം കുടിശ്ശിക വരുത്തിയത് കണക്കാക്കിയിട്ടുണ്ട്. എന്നാൽ കുടിശ്ശികയ്ക്ക് പ്രതിമാസം 2% പിഴപ്പലിശ ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിയ്ക്ക് ഈയിനത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. വാട്ടർ കണക്ഷൻ വിഛേദനം, റവന്യൂ റിക്കവറി എന്നീ രീതികളിലൂടെ ടി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വൻകിടക്കാർക്ക് വലിയ തുക കിഴിവ് നൽകുകയും ചെറുകിട ഗാർഹിക ഉപഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്ന നടപടിയുണ്ടായിട്ടുണ്ടോ; | (ബി) | ഗാർഹികേതര കണക്ഷനുള്ള വാട്ടർ ചാർജ് കുടിശ്ശിക ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി പ്രകാരം ഉപഭോക്താക്കളുടെ അഭ്യർത്ഥന മാനിച്ച്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ ശുപാർശ പ്രകാരം, അവരിൽ നിന്നും ലഭിക്കുന്ന കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് അനുസരിച്ച് പലിശ 24%ത്തിൽ നിന്ന് 14.5% ആയി കുറച്ച് അനുവദിക്കാറുണ്ട്.<br>ഗാർഹിക കണക്ഷനുള്ളവർക്ക്, കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 5 രൂപ മാത്രമേ പലിശ ഈടാക്കുന്നുള്ളൂ. പലിശയും കുടിശ്ശികയും അടയ്ക്കാത്ത കണക്ഷൻ നിശ്ചിത കാലാവധിയ്ക്കുള്ളിൽ വിഛേദിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | വൻതുക കുടിശ്ശിക വരുത്തിയതിനു ശേഷം പണമടക്കാതെ ലൈൻ വിച്ഛേദിക്കുകയും പിന്നീട് പുതിയ കണക്ഷൻ എടുക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പുതുതായി എടുത്ത കണക്ഷനുകൾ വിഛേദിക്കുകയും ഉപയോഗിച്ച വെള്ളത്തിന് ചാർജ്ജും, അനുയോജ്യമായ കോമ്പൗണ്ടിംഗ് ഫീസും, മുൻ കുടിശ്ശികയും, ചേർത്ത തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ